# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IX
## (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും

## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

**2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്
(Presented on 24th August 2020)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IX

**(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും**
**ഭവന നിർമ്മാണവും)**

**2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ**
**പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ**
**ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച**
**ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]**

673/2020.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി IX
## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)
## (2019 -2021)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. എ. സി. മൊയ്തീൻ,

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗം</u> :

ശ്രീ. ഇ. ചന്ദ്രശേഖരൻ,

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ.

ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ.

ശ്രീ. അനിൽ അക്കര, എം.എൽ.എ.

ശ്രീ. കെ. ആൻസലൻ, എം.എൽ.എ.

ശ്രീ. പി. വി. അൻവർ, എം.എൽ.എ.

ശ്രീ. കെ. ബാബു, എം.എൽ.എ.

ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.

ശ്രീ. ഇ. കെ. വിജയൻ, എം.എൽ.എ.

ശ്രീ. ടി. ജെ. വിനോദ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി.

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേഷ്കുമാർ ജി. എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., അണ്ടർ സെക്രട്ടറി.

---

* ശ്രീ. കെ. എസ്. ശബരീനാഥൻ രാജിവച്ചതിനെ തുടർന്ന് ശ്രീ. ടി. ജെ. വിനോദിനെ നാമനിർദ്ദേശം ചെയ്തു

(4-11-2019-ലെ ബുള്ളറ്റിൻ ഭാഗം 2, നമ്പർ 768)

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2019 മേയ് 28-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും സമിതിയ്ക്ക് നാളിതുവരെ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് നാലാമത് റിപ്പോർട്ടിലെ ശിപാർശകളിൽ, സർക്കാരിൽ നിന്നും മറുപടി ലഭിച്ച ശിപാർശകളും സ്വീകരിച്ച നടപടികളും രണ്ടാംഭാഗത്ത് സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങളും ചേർത്തിരിക്കുന്നു.

2020 ആഗസ്റ്റ് 19-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

എ.സി. മൊയ്തീൻ,

*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2020, ആഗസ്റ്റ് 19.

# റിപ്പോർട്ട്

## അദ്ധ്യായം- I

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശുപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും

## ധനാഭ്യർത്ഥന XXI - ഭവന നിർമ്മാണം

### ശിപാർശ

2216-80-001-99-00-01-1—ശമ്പളം

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ രണ്ട് വർഷത്തോളമുള്ള പെൻഷൻ കോൺട്രിബ്യൂഷൻ, ഐ.എ.എസ്. ഓഫീസർമാർക്ക് ഓഫീസ് അസിസ്റ്റന്റിനെ നിയമിക്കാനുള്ള അലവൻസ് എന്നിവ നിർവ്വഹിക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12.50 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

### സർക്കാർ സ്വീകരിച്ച നടപടി

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ രണ്ട് വർഷത്തോളമുള്ള പെൻഷൻ കോൺട്രിബ്യൂഷൻ, ഐ.എ.എസ്. ഓഫീസർമാർക്ക് ഓഫീസ് അസിസ്റ്റന്റിനെ നിയമിക്കാനുള്ള അലവൻസ്, ഹൗസിംഗ് കമ്മീഷണർ ഉൾപ്പെടെ നിലവിലുള്ള ജീവനക്കാരുടെ ശമ്പളം, ഡെപ്യൂട്ടേഷനിൽ നിന്നും തിരികെ വന്ന ജീവനക്കാരുടെ ശമ്പളം, സീനിയർ സൂപ്രണ്ട് തസ്തികയിൽ ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെടുന്നവരുടെ ശമ്പളം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിതരാകുന്ന ജീവനക്കാരുടെ ശമ്പളം എന്നിവ നൽകുന്നതിനാണ് ഹൗസിംഗ് കമ്മീഷണർ അധിക തുക ആവശ്യപ്പെട്ടിരുന്നത്. എന്നാൽ പുതുതായി നിയമിക്കപ്പെട്ട ഹൗസിംഗ് കമ്മീഷണർക്ക് പൂർണ്ണ അധിക ചുമതല മാത്രമാണ് നൽകിയിട്ടുള്ളത്. ഹൗസിംഗ് കമ്മീഷണറുടെ ശമ്പളവും അലവൻസുകളും വഹിക്കുന്നത്

സർവ്വേ ഡയറക്ടറേറ്റാണ്. ആയതിനാൽ ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിന് 2216-80-001-99-00-01-1—ശമ്പളം ശീർഷകത്തിൽ 2019-20 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 35,00,000 രൂപ പര്യാപ്തമാകുന്നതാണ്.

(സർക്കാർ കത്ത് നമ്പർ HSG A3/52/2019-HSG തീയതി, 11-10-2019)

ശിപാർശ

2225-02-283-89—ഭവന രഹിതർക്ക് ഭവനം

ലൈഫ് മിഷൻ പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത 2916 വീടുകളുടെ പൂർത്തീകരണത്തിനും ഭവന പുനരുദ്ധാരണത്തിനുമായി 60 കോടി ഉൾപ്പെടെ 100 കോടി രൂപ ആവശ്യമുള്ളതായി സമിതി കരുതുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 42.80 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷം 2225-02-283-89 (പ്ലാൻ) ഭവന രഹിതർക്ക് ഭവനം ശീർഷകത്തിൽ 57,20,00,000 രൂപ വകയിരുത്തിയിരുന്നു. ആയതിനുപുറമെ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി പദ്ധതിയ്ക്ക് ആവശ്യമായ 30,00,00,000 രൂപ ധനപുനർവിനിയോഗംവഴി കണ്ടെത്തിയിരുന്നു. അത്തരത്തിൽ ഈ ശീർഷകത്തിൽ ആകെ 87,20,00,000 രൂപ ബഡ്ജറ്റ് വിഹിതമായി ലഭ്യമായിരുന്നു. ഭവന നിർമ്മാണ ശീർഷകത്തിൽ വകയിരുത്തുന്ന തുക ലൈഫ് മിഷൻ ഒന്നാം ഘട്ട പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനും വകുപ്പ് മുഖേന അനുവദിച്ച ഭവനങ്ങളുടെ പൂർത്തീകരണത്തിനുമായിട്ടാണ് വിനിയോഗിക്കുന്നത്. അത്തരത്തിൽ ലൈഫ് മിഷൻ ഒന്നാം ഘട്ട പദ്ധതി പ്രകാരം പൂർത്തീകരിക്കാനുണ്ടായിരുന്ന 12052 വീടുകളിൽ 11134 എണ്ണം നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 2019-2020 സാമ്പത്തിക വർഷം 1302 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പ് മുഖേന 2016-17 സാമ്പത്തിക വർഷം അനുവദിച്ച 6709 വീടുകളിൽ നാളിതുവരെ 818 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 2019-20 സാമ്പത്തിക വർഷം 639 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ 84,89,00,000 രൂപ വിനിയോഗിച്ച് ടി രണ്ടു പദ്ധതികളിലൂടെ ആകെ 1941 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇനിയും പൂർത്തീകരിക്കാനുള്ള ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ പി.എം1/313/2019/പഞ്.പവ.വിവ തീയതി 18-8-2020)

ശിപാർശ

4216-80-195-99(05)—പ്രാഥമിക ഭവന നിർമ്മാണ സഹകരണ ഓഹരി മൂലധന സഹായം

പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

സംഘങ്ങളുടെ മൂലധന സ്വരൂപണത്തിൽ സർക്കാരിന്റെ പങ്കാളിത്തം അനിവാര്യമായതിനാൽ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ സംഘങ്ങൾക്ക് സർക്കാർ മൂലധന സഹായം നൽകുന്നതിനായി 4216-80-195-99(05) എന്ന ശീർഷകത്തിൽ 400 ലക്ഷം രൂപ കൂടി Additional Authorization/SDG ആയി അനുവദിക്കണമെന്ന് വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ നിലവിലെ ചട്ടങ്ങൾ പ്രകാരം ബന്ധപ്പെട്ട ശീർഷകത്തിൻ കീഴിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ച് കഴിഞ്ഞാലെ പ്രസ്തുത ശീർഷകത്തിൽ കൂടുതൽ തുക അനുവദിക്കുന്ന വിഷയം പരിഗണിക്കാൻ കഴിയൂ.

എന്നാൽ പ്രസ്തുത ശീർഷകത്തിൽ തുക മൊത്തം ചെലവഴിക്കാത്തതിനാൽ കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം രജിസ്ട്രാറിൽ നിന്നും ലഭിച്ചില്ല. ആയതിനാൽ തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ സഹ.ബി3/386/2019/സഹ.വ. തീയതി 18-8-2020)

അദ്ധ്യായം II

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ ആകെ 60 ശിപാർശകളാണുള്ളത്. അതിൽ ഖണ്ഡിക നമ്പർ 3, 8, 10 എന്നിവയ്ക്കുള്ള മറുപടി സർക്കാരിൽനിന്നും ലഭിച്ചു. 57 ശിപാർശകളിന്മേൽ ഇനിയും മറുപടി ലഭിക്കാനുണ്ട്.

സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശകളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത്:

| ക്രമ നമ്പർ | വകുപ്പും ധനാഭ്യർത്ഥനയും | നടപടി സ്റ്റേറ്റ്മെന്റ് ലഭിച്ചിട്ടില്ലാത്ത ശിപാർശ/ ഖണ്ഡികകൾ |
|---|---|---|
| 1 | പൊതുമരാമത്ത് വകുപ്പ് (ധനാഭ്യർത്ഥന XXI) | 1, 2 |
| 2 | ഭവന നിർമ്മാണ വകുപ്പ് (ധനാഭ്യർത്ഥന XXI) | 4, 5, 6, 11 |
| 3 | പൊതുവിദ്യാഭ്യാസം (ധനാഭ്യർത്ഥന XXI) | 7 |
| 4 | പൊതുമരാമത്ത് (ധനാഭ്യർത്ഥന XXI) | 9 |
| 5 | നഗരവികസനം (ധനാഭ്യർത്ഥന XXII) | 12 മുതൽ 27 വരെ |
| 6 | പൊതുഭരണം (ന്യൂനപക്ഷക്ഷേമ) വകുപ്പ് (ധനാഭ്യർത്ഥന XXV) | 28 മുതൽ 35 വരെ |
| 7 | പഞ്ചായത്ത് (ധനാഭ്യർത്ഥന XXXV) | 36 മുതൽ 45 വരെ |
| 8 | ഗ്രാമവികസന വകുപ്പ് (ധനാഭ്യർത്ഥന XXXVI) | 46 മുതൽ 55 വരെ |
| 9 | സാമൂഹ്യനീതി തദ്ദേശസ്വയംഭരണ വകുപ്പ് (ധനാഭ്യർത്ഥന XLVI) | 56 മുതൽ 60 വരെ |

എ.സി. മൊയ്തീൻ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2020, ആഗസ്റ്റ് 19.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.